മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി

220 (222) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) മുളക്കുഴ പഞ്ചായത്തിൽ ഈ വർഷം തന്നെ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പഞ്ചായത്തിന്റെ ആവശ്യകതയും ധനലഭ്യതയും അനുസരിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) ഉണ്ട്.

(സി&ഡി) ഈ സാമ്പത്തിക വർഷം എവിടെയൊക്കെ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണം എന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ജോലി ലഭിച്ചവരുടെ എണ്ണം

221 (223) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991-96 ലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം എത്ര പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 1-6-1991 മുതൽ 30-4-1996 വരെ 82918 പേർക്കും 1-5-1996 മുതൽ 30-11-2000 വരെ 89770 പേർക്കും തൊഴിൽ നൽകിയിട്ടുണ്ട്. (ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.)

LIBRARY ARCHIVES Kerala Legislative Assembly

	1991-96	1996-2001
തിരുവനന്തപുരം	19994	20544
കൊല്ലം	2951	4285
പത്തനംതിട്ട	3190	2777
ആലപ്പുഴ	2328	3688
കോട്ടയം	3344	4141
ഇടുക്കി	3246	3860
എറണാകുളം	5829	7287
തൃശ്ശൂർ	4376	5735
പാലക്കാട്	6046	7046
മലപ്പുറം	9134	9603
കോഴിക്കോട്	6673	6319
വയനാട്	3538	2973
കണ്ണൂർ	6496	5476
കാസർഗോഡ്	5773	6036
ആകെ	82918	89770

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് പരാതി

222 (224) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് സീനിയോറിറ്റി പ്രകാരം ഒഴിവുവരുന്ന ഉദ്യോഗ നിയമനങ്ങൾക്കായി ഇന്റർവ്യൂവിന് കാർഡ് അയയ്ക്കുന്നത് സാധാരണ തപാലിലാണോ ;

(ബി) സീനിയോറിറ്റി പ്രകാരം അർഹതപ്പെട്ട പല ഉദ്യോഗാർത്ഥികൾക്കും കാർഡയച്ചുവെന്ന് രേഖയുണ്ടാക്കിവെച്ച് കാർഡ് അയയ്ക്കാതിരിക്കുകയും ചില ജീവനക്കാർക്ക് താല്പര്യമുള്ള ഉദ്യോഗാർത്ഥികൾക്കുമാത്രം കാർഡയയ്ക്കുകയും ചെയ്യുന്ന പ്രവണത ചില എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തുടരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള പരാതിയും അപാകതയും പൂർണ്ണമായും ഒഴിവാക്കുന്നതിന് വേണ്ടി സീനിയോറിറ്റി പ്രകാരം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിന് അറിയിപ്പ് അയയ്ക്കുമ്പോൾ സർട്ടിഫിക്കറ്റ് ഓഫ് പോസ്റ്റിംഗ് മുഖേനയോ, രജിസ്റ്റേർഡ് തപാലായോ അയയ്ക്കുന്നതിന് നടപടി കൈക്കൊള്ളുവാൻ ഉത്തരവ് നൽകുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന ഒഴിവുകൾക്ക് സീനിയോറിറ്റി പ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗദായകന് അയച്ചു കൊടുക്കുകയും, ഉദ്യോഗദായകൻ നിയമനത്തിനുള്ള ഇന്റർവ്യൂ കാർഡ് അയയ്ക്കുകയുമാണ് പതിവ്.

LIBRARY ARCHIVES Kerala Legislative Assembly